13
ബുധൻ
2018 ജൂൺ
1193 എടവം 30

മക്തബ്

www.makthabdaily.com

വളപട്ടണം ദേശീയപാതയിൽ പുതിയ മദ്യഷോപ്പ്

കണ്ണൂർ: വളപട്ടണം പാലത്തിന് സമീപം പഴയങ്ങാടി റോഡ് ജംഗ്ഷനിൽ കൺസ്യൂമർ ഫെഡ്ഡിന്റെ പുതിയ മദ്യശാല തുറന്നു. ഇന്ന് രാവിലെമുതലാണ് ഇവിടെ പുതിയ വിദേശമദ്യ ചില്ലറവിൽപ്പനശാല തുറന്നത്. ഹൈവയിൽ പയ്യന്നൂരിനും കണ്ണൂരിനുമിടയിൽ നിലവിൽ ചില്ലറ മദ്യവിൽപ്പനശാല നിലവിലില്ല. നേരത്തെ പുതിയ തെരു ജംഗ്ഷനിൽ ഉണ്ടായിരുന്ന മദ്യശാലയടക്കം പൂട്ടിയതാണ്.

തളിപ്പറമ്പ

വിലക്കേർപ്പെടുത്തിയവർ പരസ്യപ്രസ്താവനയുടെ ആശാന്മാർ • മാണിക്ക് സീറ്റ് നൽകിയത് ഹിമാലയൻ വങ്കത്തരം

പരസ്യപ്രസ്താവന വിലക്കുകൊണ്ട് പ്രശ്നങ്ങൾ തീരില്ലെന്ന് സുധീരൻ

തിരുവനന്തപുരം: പരസ്യപ്രസ്താവന വിലക്കിക്കൊണ്ട് കെ. പി.സി.സി നേതൃയോഗം തീരുമാനമെടുത്തതിന് പിറകെ നേതൃത്വത്തെ രൂക്ഷമായി വിമർശിച്ച് വി.എം. സുധീരൻ വാർത്താ സമ്മേളനം നടത്തി. ഇന്ന് രാവിലെ തന്റെ വസതിയിൽ വിളിച്ചുചേർത്ത വാർത്താ സമ്മേളനത്തിൽ ഉമ്മൻചാണ്ടി, രമേശ് ചെന്നിത്തല, എം.എം. ഹസൻ എന്നിവർക്കെതിരെ സുധീരൻ വീണ്ടും ആഞ്ഞടിച്ചു.

മാണി കേരള കോൺഗ്രസിന് മാണിക്ക് രാജ്യസഭ സീറ്റ് വിട്ടുകൊടുത്തതിലൂടെ യു.പി.എയെ ദുർബലപ്പെടുത്തുകയായിരുന്നുവെന്ന് സുധീരൻ ആരോപിച്ചു. രാജ്യസഭ സീറ്റ് ജയിച്ചുവരുമ്പോൾ ലോക്സഭയിൽ ഒരു സീറ്റ് യു.പി.എക്ക് കുറയുകയാണ്. ലോക്സഭ കാലാവധി തീരാൻ ഒരു വർഷമേയുള്ളൂവെങ്കിലും ബി. ജെ.പിക്കെതിരെ രാഹുൽഗാന്ധിയുടെ നേതൃത്വത്തിൽ പോരാടുന്ന ഈ ഘട്ടത്തിൽ ഒരു സീറ്റെങ്കിൽ ഒരു സീറ്റ് നിർണ്ണായകമാണ്. ലോക്സഭയിൽ അംഗബലം കുറവാണെങ്കിലും ഉള്ള അംഗബലം തന്നെ കുറച്ച ഈ നടപടി ഹിമാലയൻ വങ്കത്തരമാണ്. ഒരു രാഷ്ട്രീയ നേതൃത്വവും ഇമ്മാതിരി ഒരു തീരുമാനം എടുക്കില്ല. അതിന്റെ പ്രത്യാഘാതം ഗുരുതരമാണ്. യു.പി.എയുടെ നഷ്ടം ബി. ജെ.പിയുടെ നേട്ടമായി മാറും.

സമീപകാലത്ത് സി.പി.എം, ബി.ജെ.പി, യു.ഡി.എഫ് എന്നിവരുമായി വിലപേശിയ പാരമ്പര്യമാണ് കേരള കോൺഗ്രസിന്റേത്. നാളെയവർ ബി.ജെ.പിയുടെകൂടെ പോവില്ലായെന്നതിന് എന്താണ് ഉറപ്പ്. അത്തരം ഒരു ഉറപ്പെങ്കിലും കോൺഗ്രസ് നേതൃത്വം വാങ്ങിക്കേണ്ടതായിരുന്നു. അത് വാങ്ങിക്കാതെ തെറ്റ് ചെയ്തവർ അത് ഏറ്റുപറയുകയാണ് വേണ്ടത്. സമൂഹത്തോട് അത് തുറന്നുപറയുന്നതിന് പകരം പരസ്യപ്രസ്താവന വിലക്കിക്കൊണ്ട് പ്രശ്നം അവസാനിപ്പിക്കാൻ കഴിയില്ല.

പരസ്യ പ്രസ്താവനയെ വിലക്കുന്നവർ ആരാണ്. 94ൽ രാജ്യസഭ സീറ്റ് ഘടകകക്ഷിക്ക് വിട്ടുകൊടുക്കാൻ തീരുമാനിച്ചപ്പോൾ അന്നത്തെ മുഖ്യമന്ത്രിക്കെതിരെ പരസ്യപ്രസ്താവന നടത്തി ധനകാര്യമന്ത്രിസ്ഥാനം രാജിവെച്ച് ഗ്രൂപ്പ് പ്രവർത്തനം ശക്തിപ്പെടുത്തിയ ആളാണ് ഒരാളെന്ന് ഉമ്മൻചാണ്ടിയുടെ പേരെടുത്തുപറയാതെ സുധീരൻ പരിഹസിച്ചു. മുഖ്യമന്ത്രി കെ.കരുണാകരനെതിരെ അങ്കം കുറിച്ച് പഴയ മൂന്നാംഗ്രൂപ്പുമായി മുന്നോട്ടുപോയവരെയും നമ്മൾ കണ്ടിരുന്നുവല്ലോയെന്ന് ചെന്നിത്തലയെ ഉദ്ദ്യേശിച്ച് സുധീരൻ പറഞ്ഞു. താൻ കെ.പി.സി.സി പ്രസിഡണ്ടായിരിക്കെ പരസ്യപ്രസ്താവന വിലക്കിയപ്പോൾ കെ.പി.സി.സി ഓഫീസിൽ പലതവണ പത്രസമ്മേളനം വിളിച്ചുചേർത്ത് പരസ്യമായി പ്രതികരിച്ചയാളാണ് അന്നത്തെ കെ. പി. സി. സി വൈസ് പ്രസിഡണ്ട് എം.എം. ഹസനെന്നും സുധീരൻ ചൂണ്ടിക്കാണിച്ചു. അടുത്ത തിരഞ്ഞെടുപ്പിൽ സംഘടനയെ ഒന്നിച്ചുകൊണ്ടുപോയി പ്രവർത്തനത്തിന് നേതൃത്വം നൽകേണ്ടവർ അതിനുവേണ്ടിയാണ് ശ്രമിക്കേണ്ടത്.

ആർ.എസ്.പിക്ക് ലോക്സഭ സീറ്റ് വിട്ടുകൊടുത്തതുമായി ബന്ധപ്പെട്ട് തനിക്കെതിരെ ഉയർന്ന ആരോപണങ്ങൾ സുധീരൻ നിഷേധിച്ചു. അഞ്ച് മിനിട്ടുകൊണ്ടല്ല ആർ.എസ്.പിക്ക് സീറ്റ് വിട്ടുകൊടുടുത്തത്. അന്ന് കെ.പി. സി. സി പ്രസിഡണ്ടായിരുന്ന ഞാനും മുഖ്യമന്ത്രിയും ചെന്നിത്തലയും ആലോചിച്ച് പലവട്ടം ചർച്ചകൾ പാർട്ടി തലത്തിൽ നടത്തി ചില നിബന്ധനകൾ മുന്നോട്ടുവെച്ചാണ് സീറ്റ് നൽകിയത്. ലോക്സഭയിൽ യു.പി.എക്ക് പിന്തുണ നൽകണം, ദേശീയ തലത്തിൽ കോൺഗ്രസിനൊപ്പം നിൽക്കണം, സംസ്ഥാനത്ത് യു. ഡി.എഫിനോടൊപ്പം യോജിച്ച് പ്രവർത്തിക്കണം എന്നീ നിബന്ധനകൾ ആർ.എസ്.പി അംഗീകരിച്ച ശേഷമാണ് അവർക്ക് സീറ്റ് നൽകിയത്. താൻ കെ.പി.സി.സി പ്രസിഡണ്ടായത് ഉമ്മൻചാണ്ടിക്ക് ഇഷ്ടപ്പെട്ടില്ലായിരുന്നുവെന്നും താനുമായി അദേഹം സഹകരിച്ചില്ലായിരുന്നുവെന്നും സുധീരൻ തുറന്നടിച്ചു.

ഡെങ്കിപ്പനി: യുവാവ് മരിച്ചു

പേരാവൂർ: ഡെങ്കിപ്പനി ബാധിച്ച് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. പേരാവൂർ പാമ്പാളിയിലെ പുലാപ്പടി വിനീഷ് (31) ആണ് മരിച്ചത്. നേരത്തെ പനി ബാധിച്ച വിനീഷിനെ പേരാവൂർ ഗവ. ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. അവിടുത്തെ പരിശോധനയിൽ ഡെങ്കിപ്പനിയാണെന്ന് തെളിഞ്ഞതിനെ തുടർന്ന് വിദഗ്ധ ചികിത്സക്കായി കോഴിക്കോട് മിംസ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. എന്നാൽ ഇന്ന് പുലർച്ചെ മരണമടയുകയായിരുന്നു. വിജയൻ-ശൈലജ ദമ്പതികളുടെ മകനാണ്. ഭാര്യ: വനിക. മകൾ: ധ്യാൻ കൃഷ്ണ (രണ്ട് വയസ്സ്). സഹോദരങ്ങൾ: വിജീഷ്, ഷൈജ. ഈ സീസണിൽ ജില്ലയിൽ ഡെങ്കിപ്പനി ബാധിച്ച് മരിച്ച രണ്ടാമത്തെയാളാണ് വിനീഷ്.

ചെറുപുഴ ചുണ്ടയിൽ മലഞ്ചരക്ക് കട കുത്തിത്തുറന്ന് ആറ് ക്വിന്റൽ അടയ്ക്ക കവർന്നു

ചെറുപുഴ: മലഞ്ചരക്ക് കട കുത്തിത്തുറന്ന് ആറ് ക്വിന്റൽ അടയ്ക്ക കവർന്നു. ചുണ്ട ടൗണിലെ പൈത്തടത്തിൽ രവിയുടെ കടയിലാണ് വൻ കവർച്ച നടന്നത്. ഇന്ന് പുലർച്ചെ ഒന്നരയ്ക്കും നാലരക്കും ഇടയിലാണ് കവർച്ച നടന്നത്. പൂട്ടിക്കിടന്ന കടയുടെ ഷട്ടറിന്റെ പൂട്ട് കുത്തിപ്പൊളിച്ചാണ് കവർച്ചക്കാർ അകത്ത് കടന്നത്. കനംവയലിലുണ്ടായ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് പുലർച്ചെ ഒന്നരവരെ ചെറുപുഴ പോലീസ് രക്ഷാപ്രവർത്തനങ്ങളുമായി ചുണ്ടയിലുണ്ടായിരുന്നു. ഇവർ ഇവിടെ നിന്ന് മടങ്ങിയതിന് തൊട്ടുപിന്നാലെയാണ് കവർച്ച നടന്നത്. പുലർച്ചെ നാലരയോടെ പത്രവിതരണക്കാരും മറ്റും സ്ഥലത്തെത്തിയപ്പോൾ റോഡരികിലായി ചുവന്ന നിറത്തിലുള്ള ഒരു ഗുഡ്സ് ഓട്ടോറിക്ഷ നിർത്തിയിട്ടതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ ആർക്കും സംശയം തോന്നിയില്ല. പിന്നീട് കടയുടമ സ്ഥലത്തെത്തിയപ്പോഴാണ് കവർച്ച നടന്നതായി മനസിലായത്. ഈ വാഹനത്തിലാണ് കവർച്ചക്കാർ എത്തിയതെന്ന് സംശയിക്കുന്നു. കവർച്ച ചെയ്ത അടയ്ക്ക കടയിൽ നിന്ന് വാഹനത്തിലേക്ക് ചുമന്നുകൊണ്ടുവന്നതിന് ശേഷം വാഹനത്തിൽ തന്നെ സംഘം രക്ഷപ്പെട്ടതായാണ് സംശയിക്കുന്നത്. രവിയുടെ പരാതിയിൽ ചെറുപുഴ എസ്. ഐ. എം. എൻ. ബിജോയിയുടെ നേതൃത്വത്തിൽ പോലീസ് സ്ഥലത്തെത്തി അന്വേഷണം നടത്തി.

കവർച്ച നടന്ന കടയുടെ പൂട്ട് കുത്തിപ്പൊളിച്ചനിലയിൽ

സുധീരനെ അനുകൂലിച്ച് പത്മജ

എറണാകുളം: രാജ്യസഭാ സീറ്റുമായി ബന്ധപ്പെട്ട് വി.എം. സുധീരൻ നേതൃത്വത്തിനെതിരെ ഉയർത്തിയ വിമർശനങ്ങളിൽ കഴമ്പുണ്ടെന്ന് കോൺഗ്രസ് നേതാവും കെ. കരുണാകരന്റെ മകളുമായ പത്മജ വേണുഗോപാൽ. എന്നാൽ പരസ്യമായി ഇക്കാര്യങ്ങൾ പറയുന്നത് ഒഴിവാക്കണമായിരുന്നു. അതിനൊക്കെ പാർട്ടി വേദികൾ ഉണ്ടല്ലോ. മുതിർന്ന നേതാക്കൾ സംയമനം പാലിക്കണമെന്നും പത്മജ പറഞ്ഞു. രമേശ് ചെന്നിത്തലയെ പോലുള്ള നേതാക്കൾ തെറ്റ് ഏറ്റുപറഞ്ഞപ്പോൾ വീണ്ടും അക്കാര്യങ്ങൾ കുത്തിപ്പൊക്കേണ്ട ആവശ്യമില്ലെന്നും അവർ അഭിപ്രായപ്പെട്ടു.

കണ്ണൂർക്കാരന്റെ കാർ തലപ്പാടിയിൽ തടഞ്ഞ് പണവും മൊബൈൽ ഫോണും കവർന്നു

കണ്ണൂർ: സുഹൃത്തിനെ മംഗലാപുരം ആശുപത്രിയിലാക്കി കാറിൽ തിരിച്ചുവരികയായിരുന്ന യുവാവിനെ ബൈക്ക് കുറുകെയിട്ട് തടഞ്ഞ് പണവും മൊബൈൽ ഫോണും കവർന്നു. താണ യാസ്മിൻ നിവാസിലെ വി.അസിം (37) ആണ് കവർച്ചയ്ക്കിരയായത്.

സുഹൃത്ത് ബാബുവിനെ മംഗലാപുരം കെ.എം.സി.സി ആശുപത്രിയിൽ പ്രവേശിപ്പിച്ച് ഇന്നലെ പുലർച്ചെ കെ. എൽ 13 എ.എച്ച് 3442 കാറിൽ നാട്ടിലേക്ക് മടങ്ങുകയായിരുന്നു അസിം. 3.30 ഓടെ കാർ തലപ്പാടിയിലെത്തിയപ്പോൾ എട്ടോളം ബൈക്കുകളിലായി 20 അംഗ സംഘം കാറിനെ പിന്തുടർന്നുവത്രെ. അൽപ്പ ദൂരം പിന്നിട്ടപ്പോൾ രണ്ട് ബൈക്കുകൾ കുറുകെയിട്ട് കാർ തടഞ്ഞു. തുടർന്ന് നാലുപേർ കാറിലേക്ക് ബലംപ്രയോഗിച്ച് കയറി. കയറിയവരിൽ ഒരാൾ കാറിന്റെ നിയന്ത്രണം ഏറ്റെടുത്തു. മറ്റുള്ളവർ കാറിനകത്ത് വച്ച് അസിമിനെ മർദിച്ചു. കൈവശമുള്ള പണത്തിന് ആവശ്യപ്പെട്ടു. എന്നാൽ അസിമിന്റെ കൈയിൽ പണമില്ലെന്ന് കണ്ടതോടെ ഇടിക്കട്ട പോലുള്ള വസ്തു കൊണ്ട് നെറ്റിക്കിടിച്ചു. ഭീഷണിപ്പെടുത്തി ഇയാളുടെ എ. ടി.എം കാർഡ് കൈവശപ്പെടുത്തി. തലപ്പാടിയിൽ നിന്ന് മൂന്ന് കിലോമീറ്റർ അകലെ മമ്മാക്കുടി എന്ന സ്ഥലത്ത് കാർ നിർത്തി എ.ടി.എം കൗണ്ടറിൽ നിന്ന് 5000 രൂപ പിൻവലിപ്പിച്ചു. അതിനിടയിൽ അസിമിന്റെ 15,000 രൂപ വിലമതിക്കുന്ന ജിയോ മൊബൈൽ ഫോൺ അക്രമികൾ കൈവശപ്പെടുത്തിയിരുന്നു. തുടർന്ന് അസിമിനെ ഉപേക്ഷിച്ച് അക്രമികൾ കാറിനെ പിന്തുടർന്നെത്തിയ ബൈക്കുകളിൽ കയറി രക്ഷപ്പെട്ടു.

അക്രമത്തിനിരയായ അസിം

ചോരയൊലിക്കുന്ന നെറ്റിയുമായി കണ്ണൂരിലെത്തിയ അസിം ജില്ലാശുപത്രിയിൽ നിന്ന് മുറിവ് തുന്നിക്കെട്ടിയ ശേഷം ടൗൺ പോലീസ് സ്റ്റേഷനിലെത്തി പരാതി നൽകി. അക്രമികൾ മൊബൈൽ ഫോൺ കൈവശപ്പെടുത്തുന്നതിന് മുന്നെ അത് എവിടെയാണെന്ന് അസിമിനോട് ചോദിച്ചിരുന്നുവത്രെ. ഡിക്കിയിലാണെന്ന് പറഞ്ഞതിനെ തുടർന്ന് അസിമിന്റെ നമ്പർ വാങ്ങി അക്രമികളിലൊരാൾ അയാളുടെ ഫോണിൽ നിന്ന് അസിമിന്റെ ഫോണിലേക്ക് വിളിച്ചിരുന്നു. ഇക്കാര്യവും പരാതിയിൽ പറയുന്നുണ്ട്. അസിമിന്റെ അക്കൗണ്ടിൽ 25,000 രൂപയുണ്ടായിരുന്നുവെങ്കിലും അത്രയും പണം പിൻവലിച്ചാൽ പോലീസിൽ പരാതിപ്പെടാനിടയുണ്ടെന്നും 5000 രൂപ പിൻവലിച്ചാൽ പരാതി നൽകാനിടയില്ലെന്നും കരുതിയായിരിക്കാം മുഴുവൻ തുകയും പിൻവലിക്കാതിരുന്നതെന്നും അസിം പോലീസിനോട് പറഞ്ഞു. ടൗൺ പോലീസ് പരാതി മഞ്ചേശ്വരം പോലീസിന് അയച്ചു കൊടുത്തു.

എറണാകുളത്ത് രണ്ട് ക്ഷേത്രങ്ങൾ കുത്തിത്തുറന്ന് 50 പവൻ കവർന്നു

എറണാകുളം: വടക്കൻ പറവൂരിലെ രണ്ട് ക്ഷേത്രങ്ങൾ കുത്തിതുറന്ന് 50 പവൻ കവർന്നു. കൊട്ടുവള്ളി തൃക്കപുരം ദേവി ക്ഷേത്രം, ശ്രീനാരായണ ക്ഷേത്രം എന്നിവിടങ്ങളിലാണ് കവർച്ച നടന്നത്. ദേവി ക്ഷേത്രത്തിൽ നിന്ന് തിരുവാഭരണമടക്കം 30 പവനും ശ്രീനാരായണ ക്ഷേത്രത്തിൽ നിന്ന് 20 പവനുമാണ് കവർന്നത്. രണ്ട് ക്ഷേത്രങ്ങളിലും ഒരേ രീതിയിലാണ് മോഷണം നടന്നത്. ദേവി ക്ഷേത്രത്തിൽ നിന്ന് 65,000 രൂപയും കവർന്നിട്ടുണ്ട്.

ദേവി ക്ഷേത്രത്തിന്റെ ശ്രീകോവിലിന്റെ ഓടു നീക്കിയാണ് മോഷ്ടാക്കൾ അകത്ത് കടന്നത്. എന്നാൽ അവിടെ നിന്ന് കാര്യമായി ഒന്നും ലഭിക്കാത്തതിനാൽ ക്ഷേത്രത്തിന്റെ ഓഫീസ് കുത്തിത്തുറക്കുകയായിരുന്നു. ഇവിടെ നിന്നാണ് സ്വർണ്ണവും പണവും കവർന്നത്. ഈ ക്ഷേത്രത്തിന് സമീപത്ത് തന്നെയാണ് ശ്രീനാരായണ ക്ഷേത്രം. അവിടെ നിന്ന് സി.സി.ടി.വിയും എടുത്തുകൊണ്ടുപോയി. രണ്ടാഴ്ച മുമ്പ് വടക്കേക്കരയിൽ രണ്ട് ക്ഷേത്രങ്ങളിൽ സമാനരീതിയിൽ കവർച്ച നടന്നിരുന്നു. ഈ സംഘം തന്നെയാണ് വടക്കൻ പറവൂരിലെ കവർച്ചയ്ക്ക് പിറകിലെന്നും സംശയിക്കുന്നു. പോലീസ് അന്വേഷണം തുടങ്ങിയിട്ടുണ്ട്.